# ആഗമികം

ഇ-മാഗസിൻ



LITTLE KITES
GHSS THIRUVANGAD

# പത്രാധിപ സമിതി

ചീഫ് എഡിറ്റർ:-ഗീത പി.കെ[ഹെഡ് മിസ്ട്രസ്]

സ്റ്റാഫ് എഡിറ്റർ:-അബ്ദുൾ സിദ്ദിഖ്

സ്റ്റുഡന്റ് എഡിറ്റർ:-ഷഹബ ഷെറിൻ

പത്രാധിപ സമിതി അംഗങ്ങൾ:- ദിയ മുഹമ്മദ്, അശ്വതി കൃഷ്ണൻ, തീർത്ഥ മോഹൻദാസ്, നിഹ  ഹാരിഫ്

പ്രശസ്തരായ പല എഴുത്തുകാരും അവരുടെ ആദ്യരചനയെക്കുറിച്ച് പറയുമ്പോൾ ആദ്യം ഓർക്കുന്നത് കൈയ്യെഴുത്ത് മാസികകളെക്കുറിച്ചാണ്. കൈയ്യെഴുത്ത് മാസികയിൽ വന്ന സൃഷ്ടികൾ ...... പിന്നീട് ഉയരങ്ങളുടെ പടവുകൾ ഓരോന്നും ചവിട്ടിക്കയറുമ്പോൾ സ്കൂൾ ജീവിതകാലത്തെ സർഗ്ഗവസന്തത്തിന്റെ മാധുര്യമുള്ള ഓർമ്മകൾ അവർക്ക് കരുത്താകുന്നു. നമ്മൾക്കോരോരുത്തർക്കും പറയാനുണ്ടാകും അത്തരം ഓർമ്മകൾ. കൈയ്യെഴുത്ത് മാസികയിൽ നിന്ന് ഡിജിറ്റൽ മാഗസീനിലേക്കുള്ള പ്രയാണത്തിലാണ് നാം...... വിവരസാങ്കേതികവിദ്യ അത്ഭുതം സൃഷ്ടിക്കുന്ന പുതിയ കാലത്ത് നമ്മൾ അതിനോടൊപ്പം സഞ്ചരിച്ച തുടങ്ങുന്നു. കഥയായി, കവിതയായി, ഓർമ്മക്കുറിപ്പായി..... നാളയുടെ മുകുളങ്ങൾ ഇവിടെ വിടരുന്നു. ഇംഗ്ലീഷ് കഥാരചനയിൽ സംസ്ഥാന കലോത്സവത്തിൽ ഒന്നാം സ്ഥാനവും വിദ്യാരംഗം സാഹിത്യോത്സവത്തിൽ നിരവധി സമ്മാനങ്ങൾ നേടിയ നേഹാറിനിലിനെപ്പോലുള്ള നാളയുടെ പ്രതിഭകൾ ഈ ഡിജിറ്റൽ മാഗസിനെ സമ്പന്നമാക്കുന്നു.

ലോകം നമ്മുടെ വിരൽത്തുമ്പിൽ നൃത്തം ചെയ്യുന്ന ഡിജിറ്റൽ

കാലത്തിന്റെ വിസമയങ്ങൾ പറഞ്ഞറിയിക്കാനാവാത്തതാണ്. എഴുത്തോലയിൽ നിന്ന് അച്ചടിയിലേക്കുള്ള മാറ്റം ലോകത്ത് വിപ്ലവം സൃഷ്ടിച്ചു. പിന്നീട് പത്രങ്ങൾ, റേഡിയോ, ടിവി, ഇപ്പോൾ ഇന്റർനെറ്റ്. പ്രസാധകരോ പത്രാധിപരോ ആവശ്യമില്ലാത്ത എല്ലാവർക്കും അവരുടെ സർഗ്ഗവാസനകൾ പ്രകടിപ്പിക്കാൻ കഴിയുന്ന ഒരിടം. ബ്ലോഗ്, ട്വിറ്റർ, ഫെയ്സ്ബുക്ക്, നവമാധ്യമങ്ങൾ തുറന്നിടുന്ന സാധ്യതകൾ വളരെ വലുതാണ്. അതിന്റെ നന്മകൾ തിരിച്ചറിയുകയും തിനന്മകളെ കൈവിടുകയും വേണം. ആ നന്മയാണ് ഈ ഡിജിറ്റൽ മാഗസിൻ.

തിരുവങ്ങാടിന്റെ പ്രതിഭകൾ പീലി വിടർത്തീടുന്ന "ആഗമികം" നിങ്ങൾക്കുമുന്നിൽ സമർപ്പിക്കുന്നു.




# ആശംസ

**പൊതു** വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ വമ്പിച്ച മാറ്റങ്ങളാണ് വന്നു കൊണ്ടിരിക്കുന്നത്. മാറിയ കാലഘട്ടത്തിനനുസരിച്ച് വിദ്യാലയങ്ങളും ക്ലാസ്സ് റൂമുകളും ഹൈടെക് ആയി മാറിയിരിക്കുന്നു. നമ്മുടെ വിദ്യാർത്ഥികൾ വിവര സാങ്കേതിക വിദ്യയിൽ ഏറെ മുന്നിലാണ്. അതിന്റെ ഉദാഹരണം കൂടിയാണ് തിരുവങ്ങാട് സ്കൂളിലെ വിദ്യാർത്ഥികളുടെ ശ്രമഫലമായി തയ്യാറാക്കുന്ന ഇ-മാഗസിൻ. നിങ്ങളുടെ പഠനാനുബന്ധ പ്രവർത്തനങ്ങളിൽ ഏറ്റവും മികച്ച ഒരു പ്രവർത്തനമാണിതെന്ന് നിസ്സംശയം പറയാം. ഈ സംരംഭത്തിന് എല്ലാവിധ വിജയാശംസകളും നേരുന്നു.

അബ്ദുൾ ലത്തീഫ് ഏ.കെ

പ്രിൻസിപ്പാൾ



## സന്ദേശം

**അനു**ദിനം മാറിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസമേഖലയിൽ സർഗ്ഗധനരായ വിദ്യാർത്ഥികളുടെ സർവതോന്മുഖമായ കഴിവുകൾ കണ്ടെത്തി പ്രകാശിപ്പിക്കുന്നതിന് അതി നൂതനമായ പല മാർഗ്ഗങ്ങൾ ഇന്ന് നിലവിലുണ്ട്.നവമാധ്യമങ്ങൾ എന്ന പേരിലറിയപ്പെടുന്ന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ വാർത്താ മാധ്യമങ്ങൾക്ക് കൂടുതൽ പ്രചാരം സിദ്ധിക്കുകയും ഉപയോഗിക്കു ന്നതിൽ സൗകര്യം ലഭിക്കുകയും ചെയ്യുന്ന ഇക്കാലത്ത് ,കൈയ്യെഴുത്ത് മാഗസിനുകളായി മുൻകാലങ്ങളിൽ പ്രകാശിപ്പിച്ചുവന്ന രചനകൾ കൂടുതൽ ആകർഷകവും ഉപയോഗപ്രദവുമായ രീതിയിൽ പ്രകാശിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും സാധിക്കുന്നതാണ്. ഇ-മാഗസിൻ എന്ന പേരിലറി യപ്പെടുന്ന ഈ രീതി പിന്തുടർന്നുകൊണ്ട് നമ്മുടെ വിദ്യാലയത്തിലെ കുട്ടികൾ തയ്യാറാക്കിയ '**ആഗമികം** ' എന്ന ഇന്റർനെറ്റ് പതിപ്പ്, അതിന്റെ പേര് സൂചിപ്പിക്കുന്നതുപോലെ വരുന്ന തലമുറയ്ക്കും വളരുന്ന സാങ്കേതിക മേഖലയ്ക്കും അത്യന്തം മുതൽക്കൂട്ടാകട്ടെ എന്ന് ആശംസിക്കുന്നു..

തിരുവങ്ങാട്                                                പി.കെ ഗീത (ഒപ്പ്)

## ഉള്ളടക്കം

സന്ദേശം.........................................................................................................6
തെരുവ് വിളക്ക് പറയുന്നു.........................................................................................9
പ്രവേശനോത്സവം.............................................................................................11
പൂച്ച.......................................................................................................................12
The Pandora's Box.........................................................................................14
Sweety...................................................................................................................18
പ്രകൃതി..................................................................................................................19
അമ്മ.........................................................................................................................21
സ്വർണ്ണപ്പക്ഷിയും ഹംസങ്ങളും.................................................................................23
Duck [bird].............................................................................................................25
FEAR......................................................................................................................26
Two Fishes And A Frog........................................................................................27
നമ്മുടെ നാട്............................................................................................................29
കാവതികാക്ക.........................................................................................................31
Your best................................................................................................................32
സ്വർണ്ണ ആപ്പിളുകൾ..................................................................................................33
ഓർമ്മയുടെ നിറവിൽ...............................................................................................35
ദൈവ നാട്...............................................................................................................38
കാണാതായ മുന്തിരി.................................................................................................39
Earth Quake...........................................................................................................43
അമ്പിളിമാമൻ.........................................................................................................44
The Jack fruit Fatty................................................................................................45
Two giggly fat green jack fruit...............................................................................45
ഓർമ്മയുടെ നിറവിൽ...............................................................................................49
Journey Of Jack fruits............................................................................................51
മാലിന്യത്തിന്റെ സ്വന്തം നാട്.....................................................................................53
അനാഥാലയം...........................................................................................................54
.............................................................................................................................55
തവളയും എലിയും....................................................................................................55
يَا رَبَّنَا.......................................................................................................................57
മാലിന്യത്തിന്റെ സ്വന്തം നാട്.....................................................................................59
യാത്രാ വിവരണം......................................................................................................60
കവിത.......................................................................................................................61
കുവില്ലെങ്കിൽ..........................................................................................................63

വിശപ്പ്......................................................................................................................................65

# തെരുവ് വിളക്ക് പറയുന്നു

*തെരുവ് വിളക്ക് പറഞ്ഞു ,*

*ആ താറിട്ട റോഡിന്റെ രക്തസാമ്പിളുകളെടുക്കണം.*

*ഡി.എൻ.എ പരിശോധിക്കണം!*

*ഫലം ഇതാണ്:*

*ഇന്നലെ കണ്ടിച്ചിട്ട സ്വപ്നത്തിന്റെ*

*തന്മാത്രകൾ.*

*ജീവിതത്തിന്റെ എക്സ്പ്പെയറി-*

*ഡേറ്റിട്ട വളവുകൾ.*

*ജീവിതത്തിന് ഫ്രിക്ഷൻ ഫോസില്ലാതായപ്പോൾ*

*നിയന്ത്രണം തെറ്റിയ ചക്രങ്ങൾ*

*കയറിയിറങ്ങിയത് യാത്രികനിലേക്ക്.....*

*യാത്രയുടെ ദിശമാറ്റിയ പാതകൾ.*

*റോഡിന്നൊരു മ്യൂസിയമാണ്,*

*നിർജ്ജീവ സ്വപ്നങ്ങളുടെ ഫോസിലുകൾ കൂട്ടിയിട്ടൊരാലയം.*

അവിടെ മുറിഞ്ഞുപോകുന്ന കാൽപ്പാടുകൾ

ഓർമ്മകളെ തുടർവായനയാക്കുന്നകാൽപ്പാടുകൾ.

പച്ചയും മഞ്ഞയും ചുവപ്പുമില്ലാത്ത

സിഗ്നൽ പോസ്റ്റുകൾ,

ഇരുണ്ട സിഗ്നൽ അഥവാ വെള്ള സിഗ്നൽ

തെളിയിച്ചു.

വയലിൻ കമ്പികൾ പൊട്ടിപ്പോയ ജീവിതം

അവസാന രാഗം പൂർത്തിയാക്കാതെ....

യാത്രാ വിവരണങ്ങൾ സ്മശാനത്തിലെത്തിച്ചേരുന്നു.

കാരണം വ്യക്തം!ഗതാഗതക്കുരുക്ക്.യാത്രികന്റെ മനസ്സിലാണ്.

ബ്രേക്കില്ലാത്ത, ഫോണില്ലാത്ത സൈഡ് മിററില്ലാത്ത

ജീവിതങ്ങൾ.. യാത്രകൾ.. നിമിഷങ്ങൾ....

ട്രാഫിക് പോലീസ് നിയമിക്കപ്പെടണം എവിടെ?

-നേഹ റെനിൽ 10 B

# പ്രവേശനോത്സവം

ഞാൻ ഒന്നാം ക്ലാസിൽ ചേരുമ്പോൾ മടിച്ച് മടിച്ചാണ് സ്കൂളിൽ പോയത് കൂടാതെ ആദ്യമായി സ്കൂളിൽ പോകുന്നതിന് പേടിയും ഉണ്ടായിരുന്നു. പോകുമ്പോൾ എന്റെ കൂടെ അച്ഛനും അമ്മയും ഉണ്ടായിരുന്നു. സ്കൂളിൽ എത്തിയപ്പോൾ എന്നെ ക്ലാസിൽ കയറ്റി അവർ പുറത്തുനിന്നു. കുറച്ചുനേരം കഴിഞ്ഞപ്പോൾ അതാ ടീച്ചർ വരുന്നു, ടീച്ചറെ കണ്ടപ്പോൾ എനിക്ക് പിന്നെയും പേടിയായി. പക്ഷെ ടീച്ചർ ക്ലാസിൽ വന്ന് സംസാരിക്കുകയും പരിചയപ്പെടുകയും ചെയ്തപ്പോൾ പേടിയൊക്കെ മാറി. കുറച്ചു കഴിഞ്ഞിട്ട് ടീച്ചർ പോയി. പിന്നെ കുറേനേരം കഴിഞ്ഞപ്പോളുണ്ട് എല്ലാവർക്കും പുതിയ കൂട്ടുകാരെ കിട്ടിയിരിക്കുന്നു. എനിക്കു മാത്രം കൂട്ടുകാരെ കിട്ടിയില്ല. അപ്പോൾ ഞാൻ അധികം ആരോടും മിണ്ടില്ലായിരുന്നു. എന്നാലും കൂട്ടുകാരെ കിട്ടാത്തതിൽ ഞാൻ വിഷമിച്ചിരുന്നു. അപ്പോൾ എനിക്ക് സങ്കടം വന്നു. പക്ഷെ ഞാൻ കരഞ്ഞില്ല. എന്നാൽ ഇന്ന് ഞാൻ അങ്ങനെയല്ല. ഇന്ന് എനിക്ക് ധാരാളം കൂട്ടുകാരുണ്ട്. എന്റെ പ്രിയപ്പെട്ട കൂട്ടുകാരാണവർ. അവരുടെ പ്രിയപ്പെട്ട കൂട്ടുകാരിയാണ് ഞാൻ. എന്നാലും ഇന്ന് ഞാൻ ചിന്തിക്കുന്നു, അന്ന് ഞാൻ എല്ലാവരോടും മിണ്ടിയിരുന്നെങ്കിൽ......

-ദേവപ്രിയ 5c

# പൂച്ച

പാൽകട്ടു കുടിക്കും പൂച്ച

സ്നേഹിക്കുന്നൊരു പൂച്ച

അടിപിടികൂട്ടും പൂച്ച

എലിയെ പിടിക്കും പൂച്ച

മീൻ കട്ട് തിന്നും പൂച്ച

എല്ലാവരും ഇഷ്ടപ്പെട്ടും പൂച്ച

എല്ലാവർക്കും പ്രിയമുള്ളൊരു

പൂച്ച.......

-നിരഞ്ജന ഷാജി 4-C


Best wishes
By. krishnapriy
V-B.

# The Pandora's Box

A long long time in ancient Greece,people lived in peace and contentment. There was no illness,diseases,pain or suffering. There was no old age and the children always laughed because there was nothing to hurt of frighten then. There was sunshine and a gentle breeze always blew. All the people lived in happiness. Pandora lived in this beautiful land with her husband Epimetheus. They loved each other and did not ever quarrel. All day long they roamed around in lush green garden filled with sweetly scented flowers. One day, the god Mercury was passing by their house. Epimatheus saw him and said:"you look very tired and carrying that heavy box. Why don't you rest a while?"

After having rested Mercury said:"I have to go very far and this box is very heavy. Can I leave it in your home? On my way back, I shall pick it up"

"Of course, you may" replied Epimatheus." But do tell me what is inside the box?"

"That is a secret I cannot tell you" replied Mercury.

"Let me warn you when I am gone,don't try to open the box. It would bring great calamity if you do".

"don't worry"said Epimatheus. " we'll never try to open it. Your box is safe with us". With this warning, Mercury went away Pandora in this box. Every day she would look at it and wonder at the secret looked inside. One day when Epimatheus way away, she touched the box gently.

Epimatheus who had just returned saw what she was doing,"stop that of one. Don't you remember Mercury has warned against opening this box?

But Pandora was no mood to listen. When Epimathueus what out of the room. She want to the box again and put her ear close to it. She heard some strange sounds coming from it.

"Let me just take a little peep" she begged her husband.

"No" he said,"Mercury has said it would make us

unhappy. Come lets go outside in the garden."You go" said Pandora "I'll come later" as soon as  Epimatheus left, she again went to the box and listened very carefully to the noise coming from inside. She heard a little voices."Let us out. It's cold and dark inside this box. We are unhappy Pandora. Rescue us." Pandora could not control her curiosity any more. She quickly opened the box. As she did that. Thousands of insects swarmed out. They flew to Pandora and stung her all over hearing. Pandora shout ans scream with pain. Epimatheus ran inside. The insects flew to him and stung him all over. It was for the first time they experienced pain". "Oh Pandora" cried Epimatheus closing the box". "Look that you have done. Why did you open the box? Didn't I warn you? Pandora and Epimatheus started quarrelling for the first time in there lives meanwhile the insects swarmed outside and stung all the people.They all cried in pain. "It's all your fault,Pandora" shouted Epimatheus. "You have brpught sorrow and pain to all us by opening the box"." I am sorry" said Pandora sobbing pitifully.

Suddenly, they heard a soft sweet voice from inside the

box." Please let me out, I may able to help you".

Pandora opened the box,out stepped a pretty fairy "I am hope".she said "I cannot undo the damage you have done. But by keeping hope you can ease your sorrows a bit".

From the Pandora opened the box has been pain,suffering,grief and diseases all over the world.

All we can do is keep hope.

-Fathimathul Sheziya 6 D

# Sweety

I'm a cat.

My name is sweety.

I love this place

And i love milk and fish.

I'll play with ball

I'll sleep in two small pillows

I'm sweet.

# പ്രകൃതി

ഒരു മഴയായിരുന്നെങ്കിൽ ഞാൻ

നിന്റെ കുന്തലിൽ തങ്ങി നിന്നേനെ.

ഒരു കാറ്റായിരുന്നെങ്കിൽ ഞാൻ

നിന്നെ തഴുകുവാനോടി വന്നേനെ.

ഒരു പൂവായിരുന്നെങ്കിൽ നീ

ഞാൻ ശലഭമായ് പാറി വന്നേനെ.

ഒരു കിളിയായിരുന്നെങ്കിൽ നീ

ഞാനിണയായ് കൂടെ വന്നേനെ.

ഈ വർണ്ണ ലോകത്തു നാം

എന്നുമൊന്നായ് പറന്നകന്നേനെ.

-ശ്രേയ കെ.കെ BS2


25/5/18.

# അമ്മ

മറയാത്ത ചിത്രത്തിൻ മായാത്ത വർണ്ണത്തിൻ

മഴവില്ല് തീർക്കുമെന്നമ്മ.

വിരിയാത്ത പൂക്കളെ സ്നേഹത്തിൻ മഴയായി

തഴുകി ഉണർത്തുമെന്നമ്മ.

വാത്സല്യക്കടലാണെന്നമ്മ

തഴുകുന്ന കാറ്റാണെന്നമ്മ.

മായാത്ത നൊമ്പരമെന്നമ്മ

ഇന്നും ഓർമ്മതൻ താളുകളമ്മ.

മിഴികളിൽ നിറയുന്ന കണ്ണീരാണമ്മ

ഞാൻ കേൾക്കും ഗാനത്തിലീണമാണമ്മ.

പാട്ടുകൾ പാടാനും കഥ പറഞ്ഞുറക്കാനും

എന്നമ്മെ നീ ഇന്നെവിടെ?

ഒഴുകുന്ന നദിയിലെ ഓളമാണമ്മ

വിടരുന്ന പൂവിൻ സുഗന്ധമാണമ്മ.

എന്നമ്മെ നിന്നെ കാണാനായ് ഇന്നും

എൻ മിഴികൾ രണ്ടും ഞാൻ തുറന്നു വച്ചു.

-ശ്രേയ കെ.കെ BS2

## സ്വർണ്ണപക്ഷിയും ഹംസങ്ങളും

ചിത്രരഥ മഹാരാജാവിന്റെ കൊട്ടാരത്തിൽ മനോഹരമായ ഒരു തടാകമുണ്ടായിരുന്നു. അതിൽ ധാരാളം താമരപ്പൂക്കളും തടാകത്തിൽ നീന്തിത്തുടിക്കാൻ സ്വർണ്ണനിറമുള്ള കുറേ അരയന്നങ്ങളും ഉണ്ടായിരുന്നു.

രാജാവ് തന്റെ ഭടന്മാരെ കാവൽ നിർത്തി ആ തടാകവും അതിലെ ഹംസങ്ങളേയും സംരക്ഷിച്ചുപോന്നു. ഇതിനു പ്രതിഫലമായി ആറുമാസത്തിലൊരിക്കൽ അരയന്നങ്ങൾ ഓരോ സ്വർണ്ണത്തൂവൽ നിക്ഷേപിച്ചുപോന്നു.

ആയിടയ്ക്കാണ് തടാകത്തിൽ ഒരു സ്വർണ്ണപ്പക്ഷി വന്നു ചേർന്നത്. അവൾ മറ്റ് അരയന്നങ്ങളോടൊ പ്പം തടാകത്തിൽ നീന്തി ത്തുടിക്കാൻ തുടങ്ങി.

പക്ഷേ സ്വർണ്ണപക്ഷിയെ തടാകത്തിലുള്ള അരയന്നങ്ങൾക്ക് അത്ര രസിച്ചില്ല. അവർ പറഞ്ഞു. ഈ തടാകം ഞങ്ങൾ ചിത്രരഥ മഹാരാജാവിൽ നിന്നും സ്വന്തമാക്കിയിരിക്കുകയാണ്. പ്രതിഫലമായി ഞങ്ങൾ അദ്ദേഹത്തിന് ആറു മാസത്തിലൊരിക്കൽ ഓരോ തൂവൽ നല്കും.

പക്ഷേ, ഇതുകേട്ട് സ്വർണ്ണപക്ഷി തടാകത്തിൽ നിന്നും പോകാൻ കൂട്ടാക്കിയില്ല. അവർ തമ്മിൽ വഴക്കായി. അവസാനം സ്വർണ്ണപ്പക്ഷി പരാതിയുമായി ചിത്രരഥ മഹാരാജാവിനെ ചെന്നു കണ്ടു.

അല്ലയോ മഹാരാജാവേ, ഞാൻ അങ്ങയുടെ കൊട്ടാരത്തിലെ തടാകത്തിൽ വസിക്കാൻ വന്നതാണ്. പക്ഷേ അവിടെയുള്ള ഹംസങ്ങൾ എന്നെ അവിടെ താമസിക്കാനനുവദിക്കുന്നില്ല. അവർ പറയുന്നത് ആ തടാകം അവരുടേതാണെന്നാണ്. അങ്ങേയ്ക്ക് ഇതിൽ ഒന്നും ചെയ്യാൻ കഴിയുകയില്ലെന്നും അവർ പറയുന്നു. ഇതുകേട്ട് രാജാവ് കോപം കൊണ്ടു വിറച്ചു.

ആരവിടെ? ആ തടാകത്തിൽ താമസിക്കുന്ന പക്ഷികളെ അടിച്ചുകൊല്ലുവിൻ. രാജാവ് ഭടന്മാരോടായി പറഞ്ഞു.

ഭടന്മാർ വടിയുമായി തടാകത്തിലേക്ക് ഓടി. ഭടന്മാരുടെ വരവു കണ്ട ഹംസങ്ങൾക്ക് കാര്യം മനസ്സിലായി.

കൂട്ടത്തിലെ മുതിർന്ന ഹംസം പറഞ്ഞു. കൂട്ടരേ, സ്വർണ്ണപ്പക്ഷി നമ്മളെ ചതിച്ചു. നമുക്ക് രക്ഷപ്പെടാം. ജീവനിൽ കൊതിപൂണ്ട അരയന്നങ്ങൾ അകലേയ്ക്കു പറന്നുപോയി.

-അവന്തിക എം 7C

# Duck [bird]

Duck is small water bird. Ducks exploit a variety of food sources such as grasses,aquatic plants, fish,insects,small amphibians, worms,and small molluses. The duck family contains an assemblage of water birds found in all areas of the world except continental Antartica and a few islands. Some are domesticated for their eggs and flesh. The ducks beak is boarded ducks. They have short legs and webbed feet flesh is edible and tasty.

# ***FEAR***

Has two meanings-

Forget everything and run

or

Face everything and rise

The choice is yours

-Shazin

# Two Fishes And A Frog

Once,two fish, shantabuddhi and shahasrabuddhi,and a frog, Ekabuddhi, lived together in a pond.

One day,when the three friends were

chatting with each other, some fishermen passed by. They saw the pond and said,

"This pond seems to be full of fish. Let's

come tomorrow and catch them".

"Let's leave this pond and save our lives" Ekabuddhi said.

The two fishes laughed. Sahasrabuddhi said "The fisherman will never come back to catch us,even if they do,They'll never be able to trap us. We're good swimmers and know how to save ourselves".

Ekabuddhi thought,"I am not an expert swimmer. I shall leave this pond

with my family and settle down somewhere safe".Thus, he

left the pond and went to a nearby pond with his family.

The next day,the fisherman came to the pond and cast their nets. Shantabuddhi and Shahasrabuddhi tired to escape but were trapped in the net. Ekabuddhi and his wife saw the fisherman returning from the pond with their catch. They looked out the net with tearful eyes as they saw that their two friends had been caught.

Moral:-Never Be Overconfident.

## *നമ്മുടെ നാട്*

കേരളം നമ്മുടെ നാടാണ്

കേളിയെഴുന്നോരു നാടാണ്

കേരംതിങ്ങും നാടാണ്

നന്മ നിറഞ്ഞൊരു നാടാണ്

മലയാള ഭാഷതൻ നാടാണ്

പ്രകൃതിരമണീയം നാടാണ്

വള്ളം കളിയുടെ നാടാണ്

കഥകളിയുടെയും നാടാണ്.

-അലോണ 1-B



# കാവതികാക്ക

ഒരുദിവസം അപ്പു മുറ്റത്തു നിന്നു കളിച്ചു കൊണ്ടിരിക്കുകയായിരുന്നു. കുറച്ചുനേരം കഴിഞ്ഞപ്പോഴേക്കും പന്ത് തോട്ടിലേക്ക് വീണു. കാവതികാക്ക ഇത് കണ്ടു. കാവതികാക്കയ്ക്ക് സങ്കടം വന്നു. കാവതികാക്കയ്ക്ക് അപ്പുവിനെ സഹായിക്കണം എന്നു തോന്നി. ഒരു ചെറിയ മരക്കൊമ്പ് കാവതികാക്കയുടെ കൊക്കിൽ കടിച്ചുപിടിച്ചു പന്ത് തട്ടാൻ തുടങ്ങി. പതുക്കെ തോട്ടിന്റെ കരയിലേക്ക് എത്തി. അപ്പു പന്തെടുത്തു. കാവതികാക്ക പറന്നു പോയി.

-അനനന്ദു 2 A

# Your best

If you always try your best
then you'll never have to wonder.
About what you could have done
if you summoned all your thunder

And if your best
was not as good
as you hopped it would be,
you still could say
“I gave today
and that i had in me”

Sreepriya C.P 8-B

## സ്വർണ്ണ ആപ്പിളുകൾ

ചൈനയിലെ ഒരു ഷിയാങ്ങ് ഗ്രാമത്തിലെ ഒരു ആപ്പിൾ കൃഷിക്കാരനാണ് ചിൻ ഷിയാങ്. ഒരു ദിവസം അയാൾ വണ്ടി നിറയെ ആപ്പിളുമായി ഹെനാൻ പട്ടണത്തിലെ ചന്തയിലെത്തി. തിളങ്ങുന്ന സ്വർണ്ണ നിറമുള്ള ആപ്പിളുകളായിരുന്നു അത്! ആളുകൾ ചുറ്റും കൂടി. അപ്പോൾ പ്രായം ചെന്ന ഒരു സന്യാസി അടുത്തെത്തി ചോദിച്ചു. ഇന്ന് ഒന്നും കഴിച്ചിട്ടില്ല. ഒരു ആപ്പിൾ തരാമോ?

ഹും! ഇതു ഞാൻ അധ്വാനിച്ചുണ്ടാക്കിയതാ. ദാനം ചെയ്യാനുള്ളതല്ല , ചിൻ ദേഷ്യപ്പെട്ടു. ഒരു വണ്ടി നിറയെ ആപ്പിളുണ്ടല്ലോ? ഒന്നല്ലേ ചോദിച്ചുള്ളൂ. സന്യാസി യാചിച്ചു. വണ്ടി നിറയെ മാത്രമല്ല, തോട്ടം നിറയെ സ്വർണ്ണ ആപ്പിളുണ്ട്. അതൊന്നും വെറുതെ കൊടുക്കാനുള്ളതല്ല, ചിൻ പറഞ്ഞു. ഒരെണ്ണം കൊടുക്കൂന്നേ, ഒരു യുവാവ് പറഞ്ഞു. ചിൻ ചോദിച്ചു. കാശ് നിങ്ങൾ തരുമോ? ഞാൻ തരാം, അയാൾ ഒരു ആപ്പിൾ സന്യാസിക്കു കൊടുത്തു. സന്യാസി സാവധാനം അതു കടിച്ചു

തിന്നു. എന്നിട്ട് അതിന്റെ കുരു എടുത്ത് ചന്തയിൽ ഒഴിഞ്ഞ സ്ഥലത്ത് കുഴിച്ചിട്ടിട്ട് പറഞ്ഞു. ആരെങ്കിലും ഇതിനൽപ്പം വെള്ളം കൊടുക്കൂ. ഒരാൾ തോൾ സഞ്ചിയിൽ നിന്നു വെള്ളമെടുത്തു വിത്തു നനച്ചു.

അത്ഭുതം.... അടുത്ത നിമിഷം വിത്ത് മുളച്ച് ഇലകൾ വരാൻ തുടങ്ങി. ആളുകൾ നോക്കി നിൽക്കെ ചെടി മരമായി വളർന്നു. അത് പൂവിട്ടു , കായ്ച്ചു. കായ്കൾ പഴുത്ത് സ്വർണ്ണ നിറമുള്ള ആപ്പിളുകളായി. ആളുകൾ മരത്തിൽ കയറി ഇഷ്ടം പോലെ ആപ്പിളുകൾ തിന്നു. അന്തംവിട്ടു നിൽക്കുന്ന ചിന്നിന് ഒരു ആപ്പിൾ കൊടുത്ത് സന്യാസി നടന്നു മറഞ്ഞു. പട്ടണത്തിൽ തന്റെ ആപ്പിളുകൾ ഇനി ചെലവാകില്ലെന്ന് ചിന്നിനു മനസ്സിലായി. വണ്ടിയും തള്ളി അയാൾ ഗ്രാമത്തിലേക്കു മടങ്ങി.

-അശ്വതികൃഷ്ണൻ 9A

# ഓർമ്മയുടെ നിറവിൽ

നിലാവു പെയ്യും രാത്രിയിൽ

തിളങ്ങിനിന്ന താരകൾ

എന്നുമെൻ ആത്മാവിൽ നിറഞ്ഞു നിന്നു.

കാലമേറെ കഴിഞ്ഞിട്ടും

സൂര്യനെങ്ങോ മറഞ്ഞിട്ടും

ഒന്നു കാണാൻ നീ ഇന്നും വന്നതില്ല.

പുഴതൻ ഓളങ്ങൾ തഴുകും കരയിൽ

കാത്തിരുന്നു ഞാനെന്നും

ഒന്നു മിണ്ടാൻ നീ വന്നതില്ല.

കടത്തു വള്ളം കടന്നുപോയ്

ഏകയായ് പുഴ നിന്നു.

വിജനമീ കടവിലിന്ന് ഞാൻ മാത്രമായ്

എൻ കളിത്തോഴീ നിന്നെയോർത്ത് ഞാനിരിക്കയായ്.

-ശ്രേയ കെ.കെ BS2



# ദൈവ നാട്

മലയാള മക്കളുടെ സ്വന്തം നാട്..

കേരളമെന്നൊരു പുണ്യനാട്..

മലയാള ഭാഷയാം പുണ്യനാട്...

കേരവൃക്ഷങ്ങൾ തിങ്ങിയനാട്...

മാവേലിതമ്പുരാൻ വാണനാട്..

കഥകളിയും കളരിപ്പയറ്റും പിറന്ന നാട്..

ഉത്സവമേളങ്ങൾതൻ ശ്രദ്ധനാട്...

ഓണപൂക്കാലം വരവായ നാട്...

ദൈവത്തിൻ സ്വന്തം നാടായ കേരളം...

-Arya K 5 B

# കാണാതായ മുന്തിരി

എന്താണിന്ന് ഉച്ചഭക്ഷണം? വാന്യ ഭക്ഷണ മേശയിലേക്ക് എത്തിനോക്കി.

ങേ! അതെന്താ ? സാധാരണ മുന്തിരിയോക്കാൾ വലുപ്പവും റോസ് നിറവുമുള്ള ഒരിനം പഴം. അത് കുലയോടെ മേശപ്പുറത്തുവച്ചിരിക്കുന്നു.

ആദ്യമായാണ് വാന്യ ഇത്തരം മുന്തിരി കാണുന്നത്. അവൻ അടുത്തുചെന്നു മുന്തിരിയിൽ തൊട്ടുനോക്കി. മൂക്കു വിടർത്തി മണപ്പിച്ചു നോക്കി. കൊതിപ്പിക്കുന്ന മണം! അവൻ ചുറ്റും നോക്കി ആരെങ്കിലും കാണുന്നുണ്ടോ? ഇല്ല.

അവൻ മെല്ലെ ഒരു മുന്തിരി അടർത്തി വായിലിട്ടു. മെല്ലെ മുന്തിരി നാവുകൊണ്ടു പൊട്ടിച്ചുനുണഞ്ഞ് അലിയിച്ചിറക്കി. നല്ല രുചി!

ഒന്നു മറിയാത്തതുപോലെ വാന്യ പുറത്തു കടന്നു.

മുറ്റത്തു കളിയിൽ മുഴുകി. അമ്മ എല്ലാവരെയും ഭക്ഷണം കഴിക്കാൻ വിളിച്ചപ്പോൾ  അവൻ ഓടിചെന്നു.

അവസാനമാണ് അവൻ കഴിക്കാൻ ഇരുന്നത്. മുന്തിരിക്കുലയിൽ നിന്ന് അവൻ മുന്തിരി അടർത്തിയ വിടവ് കാണാമായിരുന്നു.

ആരാണു മുന്തിരി അടിച്ചു മാറ്റിയത്? അമ്മ ചോദിച്ചു. വാന്യ ഞെട്ടൽ മറച്ച് ഞാനൊന്നുമറിഞ്ഞില്ല എന്ന ഭാവത്തിൽ ഇരുന്നു.

ഞാനല്ല

ഞാനെടുത്തില്ല

ഞാൻ കണ്ടില്ല

ഓരോരുത്തരും പറയുന്ന കൂട്ടത്തിൽ അവനും തലവെട്ടിച്ചു.

ഞാനെടുത്തില്ല

അവന്റെ മുഖം ചുവന്നിരുന്നു.  ഒടുവിൽ അപ്പൻ പറഞ്ഞു.

കുഞ്ഞുങ്ങളേ, നമുക്ക് തിന്നാൻ കൊണ്ടുവച്ച മുന്തിരിക്കുലയിൽ നിന്ന് ഒരാൾ ഒരെണ്ണം  അനുവാദമില്ലാതെ എടുത്തത്

ശരിയായില്ല.

അതു പക്ഷേ സംഭവിച്ചുപോയി. എന്നാൽ സത്യം പറയുന്നത് നല്ല കാര്യമല്ലേ? അതെന്താണ് ചെയ്യാത്തത്?

അപ്പോഴും ആരും ഒന്നും മിണ്ടിയില്ല. വാന്യയും നിശബ്ദനായി.

അപ്പോൾ അപ്പൻ തുടർന്നു. ഈ മുന്തിരി തിന്നുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. അശ്രദ്ധമായി മുന്തിരി തിന്നാൽ അതിന്റെ കുരു വയറ്റിൽ പോയി വയറുവേദനയുണ്ടാകും വയറിന് അസുഖമുണ്ടാകും. ചിലപ്പോൾ മരിച്ചുപോകും.

അതാണ് പേടി.

അപ്പനും അമ്മയും കുട്ടികളെ മാറി മാറി നോക്കി. അമ്മയുടെ മുഖത്തൊരു ചിരി തെളിഞ്ഞുനിന്നിരുന്നു. അപ്പോൾ വാന്യയുടെ ചുവന്ന മുഖം മെല്ലെ വിളറി വെളുത്തു. അവൻ ശിരസ്സിളക്കികൊണ്ടു പറഞ്ഞു. ഞാൻ മരിക്കുകയൊന്നുമില്ല. മുന്തിരിക്കുരു നാവിൽ നിന്ന് എടുത്ത് ഞാൻ മുറ്റത്തു കുഴിച്ചിട്ടിട്ടുണ്ട്. എല്ലാവരും അതുകേട്ട് പൊട്ടിചിരിച്ചു.

ഒളിപ്പിക്കാനല്ല, മുളയ്ക്കാനാ..... അവൻ മുഖം വീർപ്പിച്ചു പിന്നെ.. തേങ്ങി കരയാൻ തുടങ്ങി. അപ്പോൾ അമ്മ വാന്യയുടെ അരികിലെത്തി. ചേർത്തുപിടിച്ചു. അമ്മയുടെ വസ്ത്രത്തിൽ മുഖമൊളിപ്പിച്ച് അവൻ വിതുമ്പി. പിന്നെ കുറച്ചു കഴിഞ്ഞപ്പോൾ അവനും മറ്റുള്ളവർക്കൊപ്പം കുലുങ്ങി കുലുങ്ങിച്ചിരിക്കാൻ തുടങ്ങി.

-അശ്വതികൃഷ്ണൻ.കെ 9A

# Earth Quake

Coming earth quake ground will
move,move,move

sky is falling down,down,down

tears are dropping from the sky

all I do is pray

shaking of the ground

the earth has won

tragedy shock,nature has fell down

I fear the horror

all i see it tired

and all i see it crying

peoples are ran away

fast the flying birds

I can't imagine

I don't like Earth Quake

- Fathimathul Afna M.K

# അമ്പിളിമാമൻ

അമ്പിളി മാമാ വാവാവാ
എന്നടെ കൂടെ വാവാവാ
പാട്ടുകൾ പാടാൻ വാവാവാ
കഥകൾ ചൊല്ലാൻ വാവാവാ
അമ്പിളിമാമാ വാവാവാ
ഇത്തിരി നേരം വാവാവാ
അപ്പം തിന്നാൻ വാവാവാ
എന്നടെ വീട്ടിൽ വാവാവാ

-പാർവതി.പി 1-B

# The Jack fruit Fatty

Two giggly fat green jack fruit

Fell from a tree one day

Both big jack fruit spread in ground

Till the smell had spread away

They rolled in the ground

Fellows had gone hungry

They began to cut round

And start to eat madly

That didn't stop,They eating was going on

Active as a festival

Seeds were thrown

Some of them fell into well

They rolled into a happy kitchen

Were a kind lady made a pickle

Jack fruit were cut like a sickle

It was fried like a chicken.

**Fathima Fidha  8D**


by
Arthana.M.c
IX-A

## ഓർമ്മയുടെ നിറവിൽ

നിലാവു പെയ്യും രാത്രിയിൽ

തിളങ്ങിനിന്ന താരകൾ

എന്നുമെൻ ആത്മാവിൽ നിറഞ്ഞു നിന്നു.

കാലമേറെ കഴിഞ്ഞിട്ടും

സൂര്യനെങ്ങോ മറഞ്ഞിട്ടും

ഒന്നു കാണാൻ നീ ഇന്നും വന്നതില്ല.

പുഴതൻ ഓളങ്ങൾ തഴുകും കരയിൽ

കാത്തിരുന്നു ഞാനെന്നും

ഒന്നു മിണ്ടാൻ നീ വന്നതില്ല.

കടത്തു വള്ളം കടന്നുപോയ്

ഏകയായ് പുഴ നിന്നു.

വിജനമീ കടവിലിന്ന് ഞാൻ മാത്രമായ്എൻ കളിത്തോഴീ

നിന്നെയോർത്ത് ഞാനിരിക്കയായ്.

-ശ്രേയ കെ BS2

## എന്റെപൂന്തോട്ടം

വരിക വരികെന്റെ കൊച്ചു കൂട്ടുകാരെ

എന്റെ പൂന്തോപ്പിലേക്ക്..

മുല്ലയും പൂത്തു മല്ലിയും പൂത്തു

ചെണ്ടുമല്ലിയും മന്ദസ്മൃതിയും കൊണ്ടു..

ശീതളമാം ചെടികൾക്ക് ഞാൻ ശീതള ജലധാര

പകർന്നു. ഇന്നലെ രാജ്ഞിയെ പോലെ

ശോഭിച്ചൊരാ പനിനീർപൂവ് വീണതല്ലോ

കിടക്കുന്നു ഭൂമിയിൽ..

കൊച്ചു കൊച്ചു തുമ്പകൾ വട്ടമിട്ടു പറക്കു-

മോ ചെറ്റിപൂവിൻ ചേലൊന്ന് നോക്കി

ഞാൻ.

ഹാ! എന്തോരു സൗരഭ്യം പരത്തുന്നു


മുല്ലയും .

എന്തോരു ശോഭ ചൊരിയുന്നു തുമ്പയും

-ശ്രീലക്ഷ്മി സുനീഷ് 4-C

# Journey Of Jack fruits

Three cute big jack fruits.
Kichu see on a tree.
He plucked the three jack fruits,
The jack fruits fell on the ground,
Then the three jack fruits rolled and rolled
He run to take the three jack fruits,
But the jack fruits didn't stop,
they rolled and rolled again and again,
they rolled and get into a hotel,
In the hotel guests are celebrating onam celebration,
Hotel guest saw the jack fruit.
Then they take three jack fruit
and make it jack fruit payasam
the end of run kichu get to the hotel
and eat plenty of brown 'Chakka Payasam'.



# മാലിന്യത്തിന്റെ സ്വന്തം നാട്

കുമിഞ്ഞുകൂടുന്ന മാലിന്യം

കേരനാടിൻ മടിത്തട്ടിൽ

കുന്നു കൂടുന്ന കൂനകൾ

ദൈവത്തിന്റെ സ്വന്തം നാട്ടിൽ

കവിഞ്ഞൊഴുകുന്ന വിഷാംശമാം ജലം

വിശുദ്ധമാം ആറുകളിൽ

മാറുന്ന മണ്ണിൽ ഫലപുഷ്ടി

ആധുനികമാം രാസവസ്തുക്കളിൽ

മാറുന്ന മനുഷ്യമനസ്സും

നാശമാം ചിന്തകളിൽ

ഇടിഞ്ഞു വീഴുന്ന കുന്നുകൾപാറകൾ

താളം തെറ്റുന്ന ഭൂമിതൻ അമ്മ

ഒടുവിൽ ഇരചെത്തിയ പ്രകൃതിയെ

താറുമാറാക്കി മനുഷ്യജീവിതം

-ഫാത്തിമ ഫിദ 8D

# അനാഥാലയം

അമ്മയെയും അച്ഛനെയും വിഷമിപ്പിക്കരുത്

ഇത്രയുള്ള രക്തബന്ധം

അഭയം തന്നെ അനാഥാലയം

കണ്ണീർ തുള്ളിപോൽ നീറ്റലായി മാറവെ

അനാഥാലയം തന്നെ വേർപാട്

നെഞ്ചിൽ തട്ടുന്ന സ്നേഹത്തിന്റെവില

അനാഥാലയത്തിന്റെ കോണിപ്പടിയിൽ

ആരും  പോകാതിരിക്കട്ടെ

എന്നും അഭയം തൻ അനാഥാലയം

- മാളവിക വിപിൻ    6D

# തവളയും എലിയും

ഒരു ദിവസം തവള ചാടിച്ചാടി പോവുകയായിരുന്നു. അപ്പോൾ ശക്തമായ ഒരു മഴ പെയ്തു. തവളയ്ക്ക് വീടില്ല. അപ്പോഴാണ് അവിടെ എലിയുടെ മാളം കണ്ടത്. അപ്പോൾ തവള എലിയോട് ചോദിച്ചു ഞാൻ ഈ മാളത്തിൽ കയറിക്കോട്ടെ എന്ന്. എലി സമ്മതിച്ചു. മഴ ചോർന്നു എന്നിട്ടും തവള പുറത്തിറങ്ങിയില്ല. തവള വിചാരിച്ചു ഈ മാളം സ്വന്തമാക്കിയാലോ എന്ന്. തവള വീർത്ത് വരാൻ തുടങ്ങി. എലി പേടിച്ച് പുറത്തേക്ക് ചാടി. എലിയിരുന്ന് കരഞ്ഞു. ഇത് കണ്ട കടിയൻ ഉറുമ്പുകൾ എലിയോട് ചോദിച്ചു എന്താപറ്റിയതെന്ന് ? എലി കാര്യം പറഞ്ഞു. ഉറുമ്പുകൾ മാളത്തിലേക്ക് പോയി. തവളയെ തലങ്ങും വിലങ്ങും കടിച്ചു.തവള ഓടിപ്പോയി എലി ഉറുമ്പുകളോട് നന്ദി പറഞ്ഞു.

-സഫ സുരേഷ് 6C



*-Krishnaja 6C*

# يَا رَبَّنَا

يَا رَبَّنَا رَاحِمَنَا　　يَا رَبَّنَا خَالِقَنَا

يَا رَبَّنَا هَادِيَنَا　　يَا رَبَّنَا رَازِقَنَا

يَسِّر لَنَا أُمُورَنَا　　نُوِّر لَنَا قُلُوبَنَا

حَسِّنْ لَنَا أَحْوَالَنَا　　زَيِّن لَنَا أَخْلَاقَنَا

وَانْفَعْ لَنَا بِعِلْمِنَا　　زِدْ لَنَا عِلْمًا لَنَا

وَارْحَمْ لِوَالِدِينَا　　وَاغْفِرْ لَنَا ذُنُوبَنَا

أَنْتَ رَبُّ الْعَالَمِينَ　　نَحْنُ نَدْعُو رَبَّنَا

أَنْتَ خَيْرُ الرَّاحِمِينَ　　مِنْكَ تَرْجُو رَحْمَةً

نَسْتَزِيدُ و نَسْتَعِنُ　　نَحْنُ طُلَّاب صِغَارٌ

مُسْتَقِيمَ الْمُسْتَيِن　　اِهْدِنَا صِرَاطَ الْ

لاَ تَرُدَّنْ خَائِبِينَ　　اِسْتَجِبْ دُعَائَنَا

-

**- Fathimathul Raniya.V.P 3B**



*-Niya K 8D*

# മാലിന്യത്തിന്റെ സ്വന്തം നാട്

കുമിഞ്ഞുക്കൂടുന്ന മാലിന്യം
കേരനാടിൻ മടിത്തട്ടിൽ
കുന്ന കൂടുന്ന കൂനകൾ
ദൈവത്തിന്റെ സ്വന്തം നാട്ടിൽ
കവിഞ്ഞൊഴുകുന്ന വിഷാംശമാം ജലം
വിശുദ്ധമാം ആറുകളിൽ
മാറുന്ന മണ്ണിൽ ഫലപുഷ്ടി
ആധുനികമാം രാസവസ്തുക്കളിൽ
മാറുന്ന മനുഷ്യമനസ്സും
നാശമാം ചിന്തകളിൽ
ഇടിഞ്ഞു വീഴുന്ന കുന്നുകൾപാറകൾ
താളം തെറ്റുന്ന ഭൂമിതൻ അമ്മ
ഒടുവിൽ ഇരചെത്തിയ പ്രകൃതിയെ
താറുമാറാക്കി മനുഷ്യജീവിതം

-ഫാത്തിമ ഫിദ 8D

# യാത്രാ വിവരണം

സ്കൂൾ പൂട്ടിയപ്പോൾ ഒരു ദിവസം ഞാനും അമ്മയും ചേച്ചിയും മാമനും മാമിയും മക്കളും കൂടി പറശ്ശിനിക്കടവിൽ പോയി. അവിടെ നല്ല തിരക്കുണ്ടായിരുന്നു. ഞങ്ങൾ തൊഴുത് ഇറങ്ങി അവിടെ നിന്നും കണ്ണൂർ കോട്ടയിലേക്കാണു പോയത്. അവിടെ നിന്ന് കടൽ കാണാൻ നല്ല രസമാണ്. കോട്ട കാണാൻ നല്ല ഭംഗിയുണ്ട്. അത് കഴിഞ്ഞ് ഞങ്ങൾ പയ്യാമ്പലം ബീച്ചിൽ പോയി. അവിടെ കളിക്കാൻ ഊഞ്ഞാലും റൈഡുമൊക്കെയുണ്ടായിരുന്നു. ഞങ്ങൾ കുറേ നേരം കളിച്ചു മാത്രമല്ല ഇ കെ നായനാരുടെയും ഇ എം എസിന്റെയും സുകുമാർ അഴീക്കോടിന്റെയുമൊക്കെ സ്മാരകങ്ങൾ കണ്ടു. ബീച്ചിൽ കുറേപേർ പട്ടം പറത്തുന്നുണ്ടായിരുന്നു. തിരമാലകൾ വരുന്നത് കാണാൻ നല്ല ഭംഗിയായിരുന്നു. അതിൽ ഞാൻ കുറേനേരം കളിച്ചു. അത് കഴിഞ്ഞ് ഞങ്ങളെല്ലാം വീട്ടിലേക്ക് മടങ്ങി.

**-അനന്യ മനോജ് 3-ബി**

# കവിത

കാത്തിരിക്കുന്നു ഞാൻ

നാടിന്റെ ആഗമനത്തിനായി മൂകനായി

ആശ്ചര്യമില്ലാതെ അങ്കലാപ്പില്ലാതെ

കാത്തിരിക്കുന്നു ഞാൻ ഏകനായി

ഓർക്കുന്നു ഞാനീ മരുഭൂമിയിൽ നിന്നു

ദൈവനാടിന്റെയാ ഗ്രാമഭംഗി

മകരമാസത്തിന്റെ മണ്ണിൽ വിരിയുന്ന

പൂക്കളെ ക്കാണുവാൻ എന്തുഭംഗി

കലപില ശബ്ദമായി നിദ്രയുണർത്തുന്ന

കിളികളെക്കാണുവാൻ എന്തുഭംഗി

കുന്നും മലകളും പാടങ്ങളും ഉള്ള

ഒരു കൊച്ചു ഗ്രാമമാണെന്റെ ഗ്രാമം

താറിട്ട റോഡില്ല വൈദ്യുതിയുമില്ല

ഓലയാൽ മേഞ്ഞുള്ള കുരകളും

കുന്നും മലകളും പാടങ്ങളും ഉള്ള

ഒരു കൊച്ചു ഗ്രാമമാണെന്റെ ഗ്രാമം

താറിട്ട റോഡില്ല വൈദ്യുതിയുമില്ല

ഓലയാൽ മേഞ്ഞുള്ള കൂരകളും

-മഞ്ജിമ ആർ 6

# കൂവില്ലെങ്കിൽ

മുത്തശ്ശിക്കൊരു പൂവൻ കോഴിയുണ്ട്. അവനെ കാണാൻ അഴകുണ്ട്. പൂവും അങ്കവാലും വെള്ളേമ്മേ പുള്ളിയുമുള്ള ഉുവലും ചേരുമ്പോ അവനൊരു സുന്ദരക്കുട്ടനാണ്. പൂവൻ കോഴിക്ക് നല്ല ചുറുചുറുക്കുണ്ട്.മുത്തശ്ശിക്കോ മുടിയൊക്കെ നരച്ചിട്ടും പല്ലൊക്കെ പോയിട്ടും ചെറുപ്പക്കാരിയുടെ മിടുക്കുണ്ട്. എന്നും പുലർച്ചയ്ക്കേ പൂവൻ കോഴി എഴുന്നേൽക്കും. മുത്തശ്ശിയുടെ അടുത്തുപോയി നീട്ടിക്കൂവും കൊക്കരക്കോകോ... കൊക്കരക്കോകോ... കൊക്കരക്കോകോ... മൂന്നാം തവണ കൂവി തീരണേനു മുമ്പേ മുത്തശ്ശി എണീക്കും. പൂവൻകോഴി കൂവിത്തീരുന്നതും നേരം വെളുക്കും. മുത്തശ്ശി മാത്രമല്ല, അയൽവക്കത്തെ ആൾക്കാരെല്ലാം പൂവൻകോഴീടെ കൂവൽ കേട്ട് ഉണരാൻ തുടങ്ങി. നാട്ടുകാരൊക്കെ പൂവൻ കോഴീടെ ദേഹം കണ്ട് കൊതിക്കുമ്പോ മുത്തശ്ശി പറയും ന്റെ കോഴിയെ കണ്ണു വയ്ക്കണ്ടാന്ന്. മുത്തശ്ശിയുടെ പൊന്നു കോഴി മിടുമിടുക്കനാണ് ചിലർ മുത്തശ്ശീടെ സുന്ദരൻ കോഴി കൂവിയാ ഉണർന്നതെന്ന് വേറെ ചിലർ, അതൊക്കെക്കേട്ട് പൂവൻ കോഴിക്ക് ഒത്തിരി സന്തോഷവും ഇത്തിരി അഹങ്കാരവും വന്നു.

നാട്ടിലുള്ളവർ ഉണരണമെങ്കിൽ താൻ കൂവണം. നേരം വെളുക്കണമെങ്കിൽ താൻ കൂവണം. കൂവാൻ തനിക്ക് മനസ്സില്ലെങ്കിലോ? ഞെളിഞ്ഞു നിന്നു അവൻ. നേരം ഇരുട്ടി. ചിലതൊക്കെ ഉറപ്പിച്ച് പൂവൻ കോഴി ഉറങ്ങാൻ കിടന്നു. ഇരുട്ടി വെളുക്കുംമുമ്പേ പൂവൻകോഴി എഴുന്നേറ്റ് നീട്ടിക്കൂവാൻ കൊക്കു വിടർത്തിയതും വേണ്ടെന്നു വച്ചു. ഇന്നാരും ഉണരണ്ട , നേരം വെളുക്കുകയും വേണ്ട. പൂവൻകോഴി വാശിപിടിച്ച് മുഖോം വീർപ്പിച്ചിരിന്നു. ഇത്തിരി കഴിഞ്ഞപ്പോൾ മുത്തശ്ശി കോട്ടുവായിട്ട് എഴുന്നറ്റു വരുന്നു. ങേ , താൻ കൂവാതെ മുത്തശ്ശി എഴുന്നേറ്റോ? പുറകെ പുറകെ നാട്ടുകാരെല്ലാം എഴുന്നേറ്റുവന്നു. മാത്രമല്ല, പൂവൻ കോഴി കൂവാതെ നേരം വെളുക്കുകയും ചെയ്തു. അവന്റെ അഹങ്കാരമൊക്കെ അലിഞ്ഞലിഞ്ഞ് ഇല്ലാതായി. നേരത്തെ എഴുന്നേൽക്കാത്ത പുലർച്ചയ്ക്ക് കൂവാത്ത പൂവൻകോഴി ചീത്തക്കോഴിയാണെന്ന് നാട്ടുകാർ പറയുന്നത് ശരിയാണെന്ന് മുത്തശ്ശിക്കും തോന്നി. ഒന്നിനും കൊള്ളാത്ത ആ പൂവൻ കോഴിയെ അന്നു തന്നെ മുത്തശ്ശി അടിച്ചോടിച്ചു.

-സന

## വിശപ്പ്

രണ്ട് വർഷങ്ങൾക്ക് മുമ്പ് എന്റെ നാടിനടുത്ത് നടന്ന ഒരു മനസ്സിനെയും ശരിരത്തെയും വല്ലാതെ വേദനിപ്പിച്ച ഒരു കഥയാണ്.അർജ്ജുൻ എന്നാണ് എന്റെ കഥയിലെ നായകന്റെ പേര്. ആ ചേട്ടൻ വിദേശത്ത് ഹോട്ടൽ മാനേജമെന്റ് പഠിക്കാൻ പോയതായിരുന്നു.പഠിപ്പ് കഴിഞ്ഞ് നാട്ടിൽ തിരിച്ചെത്തി. ആ ചേട്ടൻ വിദേശത്ത് തന്നെ വലിയൊരു ഹോട്ടലിൽ ഷെഫ് ആകുവാനായിരുന്നു ഇഷ്ടം. പക്ഷേ അച്ഛനും അമ്മയും പഠിക്കാൻ പോകുന്നതും,വിദേശത്തേക്ക് ജോലിക്ക് പോകുന്നതൊന്നും ഇഷ്ട്ടമല്ലായിരുന്നു.അവർ വളരെയധികം എതിർത്തിരുന്നു. അത് സഹിക്കാൻ പറ്റാതെ അവൻ വീട് വിട്ടിറങ്ങി. പലയിടത്തും ജോലി അന്വേഷിച്ച നടന്നു. പിന്നിട് പല ഹോട്ടലുകളിലും ജോലി ചെയ്തു. അവിടെ നിന്ന് കൊണ്ട് അവൻ വിദേശത്ത് പോകാൻ പറ്റിയില്ല. അവൻ അവസാനമായി ജോലി ചെയ്ത ഹോട്ടലിന് പിറകിലായി കുറെ പാവപ്പെട്ട കുടുംബങ്ങൾ താമസിചിരുന്നു. ഒരു നേരത്തെ ഭക്ഷണമോ വസ്ത്രങ്ങളോ നേരേ ചൊവ്വെ ഉണ്ടായിരുന്നില്ല.ഒരോരോ ദിവസവും കണക്കില്ലാത്ത

ഭക്ഷണ സാധനങ്ങൾ ബാക്കി വന്നവ കളയുകയായിരുന്നു.അവൻ ആ പാവപ്പെട്ട ആളുകളെയൊന്നും ശ്രദ്ധിച്ചില്ലായിരുന്നു. അവന്റെ മനസ്സിൽ എങ്ങനെയെങ്കിലും വിദേശത്ത് പോകണം എന്ന ചിന്ത മാത്രമായിരുന്നു. പലവിധത്തിലുള്ള പുതിയ പുതിയ ഭക്ഷണ പരീക്ഷണങ്ങൾ നടത്തി കൊണ്ടേയിരുന്നു. ഒരു ദിവസം രാവിലെ ആ ചേട്ടൻ റോഡിലൂടെ നടന്നു പോകുകയായിരുന്നു. അപ്പോഴാണ് റോഡിനരികിലെ ഒരു ഓടയുടെ അരികിലിരുന്നു ഒരു ഭ്രാന്തൻ വിസർജ്യം കഴിക്കുന്നത് അവൻ കണ്ടു. പെട്ടെന്ന് തന്നെ അവൻ അവിടെ കുറച്ച് സമയം സ്തംഭിച്ചു നിന്നുപോയി. കാലുകൾ മുന്നോട്ട് നീക്കാനാവാതെ നിന്നു. പിന്നീട് അവന് ഓക്കാനവും ശർദ്ധിയും വന്നു.അടുത്ത ദിവസം ആ മനുഷ്യനെ അവൻ അവന്റെ കൂടെ കൊണ്ടുപോയി. നല്ല ആഹാരവും ഭക്ഷണങ്ങളും കൊടുത്തു. അതിനുശേഷം അവൻ പാവപ്പെട്ടവരേയും അനാഥക്കുഞ്ഞുങ്ങളേയും സഹായിക്കാൻ തീരുമാനിച്ചു. അങ്ങനെ അവൻ ഒരു സാമൂഹ്യ പ്രവർത്തകനായി മാറി.

*-അനാമിക നിഷാന്ത് 6c*